**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5128** **21-07-2022 - ൽ മറുപടിയ്ക്ക്**

**വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 2020-21 കാലയളവിൽ പച്ചക്കറികൾക്ക് തറവില നിശ്ചയിക്കുന്ന പദ്ധതിക്കായി നീക്കിവച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | 2020-21 സാമ്പത്തിക വർഷത്തിൽ കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾസ് അടിസ്ഥാന വില പദ്ധതി പ്രകാരം 10 കോടി രൂപ വകയിരുത്തിയിരുന്നു |
| (ബി) | പച്ചക്കറി വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിന് എന്തെങ്കിലും സഹായങ്ങൾ നൽകി വരുന്നുണ്ടോ; ഇതിനായി നീക്കി വച്ചിരിക്കുന്ന ഫണ്ട് എത്രയാണെന്ന് അറിയിക്കാമോ; | (ബി) | “ഞങ്ങളും കൃഷിയിലേക്ക്” എന്ന ക്യാമ്പേയിന്റെ ഭാഗമായി കാർഷിക വികസന കർഷക ക്ഷേമവകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിൽ ഒരു മുഖ്യ ഘടകമായി ഉൾപ്പെടുത്തി പച്ചക്കറി വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനായി ധനസഹായം നൽകി വരുന്നു.<br><br>വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി, 10 കർഷകർ അടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് 3 മുതൽ 5 വരെ ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്ന ക്ലസ്റ്റർ ഒന്നിന് പരമാവധി 1 – 1.25 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നതിന് ലക്ഷ്യമിടുന്നു.<br><br>ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതിന് 25,000/-<br><br>രൂപയും, പന്തൽ ആവശ്യമില്ലത്തതിന് 20,000/- രൂപ വരെ ധനസഹായം നൽകുന്നു.<br><br>ശീതകാല പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 30,000/- രൂപ ധനസഹായം നൽകുന്നു. പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ പ്രോത്സാഹനത്തിനായി ഹെക്ടറൊന്നിന് 10,000/- രൂപ അധിക ധനസഹായം നൽകുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്. സസ്യസംരക്ഷണ ഉപാധികൾ വാങ്ങുന്നതിന് |

| | | | |
|---|---|---|---|
| | | | യൂണിറ്റൊന്നിന് 1500/- രൂപ വരെയും സബ്സിഡി നൽകി വരുന്നു.<br><br>2022-23 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ഘടകങ്ങൾ നടപ്പിലാക്കുന്നതിലേയ്ക്കായി 2500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷിചെയ്യുന്ന കർഷകർക്ക് പമ്പ്സെറ്റും മറ്റു അനുബന്ധ ഘടകങ്ങളും വാങ്ങുന്നതിന് യൂണിറ്റൊന്നിന് 50 ശതമാനം സബ്സിഡി നിരക്കിൽ 10000/- രൂപ വരെ ധനസഹായം നൽകുന്നു. ഇതിലേയ്ക്കായി ടി സാമ്പത്തിക വർഷം 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>പന്തൽ ഇനം പച്ചക്കറികൾ കൃഷി ചെയ്യുന്നതിന് സ്ഥായിയായ പന്തൽ നിർമ്മിക്കുന്നതിനായി 25 ശതമാനം സബ്സിഡി നിരക്കിൽ ഹെക്ടറിന് 2 ലക്ഷം രൂപ ധനസഹായം പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിലേയ്ക്കായി 2022-23 സാമ്പത്തിക വർഷം 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>വേനൽ കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്ന മഴമറ കൃഷി രീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്റർ ഉള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. ഇതിലേയ്ക്കായി 2022-23 സാമ്പത്തിക വർഷത്തിൽ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | ജൈവകൃഷി വ്യാപനം, ഓർഗാനിക്ക് ബ്രാൻഡിംഗ് എന്നിവ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (സി) | സംസ്ഥാന സർക്കാർ ജൈവ കൃഷി വ്യാപനത്തിനായി "ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും" എന്ന പദ്ധതി നടപ്പിലാക്കുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന ക്യാമ്പയിന്റെ ഭാഗമായാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ജൈവ കൃഷി പ്രോത്സാഹനത്തിനും മണ്ണിന്റെ ഘടന മെച്ചപ്പെടുത്തുന്നതിന് പയറുവർഗ്ഗത്തിൽപ്പെട്ട പച്ചിലവളങ്ങൾ കൃഷി ചെയ്യുന്നതിനും ജൈവ ഉല്പന്നങ്ങൾ വില്പന നടത്തുന്നതിനും ഹൈടെക്ക് ഓർഗാനിക് സൂപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുമായി 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് കൂടാതെ തുടർച്ചയായി മൂന്ന് വർഷത്തേയ്ക്ക് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ "പരമ്പരാഗത കൃഷി വികാസ് |

യോജനയും", "സുഭിക്ഷം സുരക്ഷിതം" (ഭാരതീയ പ്രകൃതിക് കൃഷി) പദ്ധതിയും കേന്ദ്ര വിഹിതം ലഭിക്കുന്ന മുറയ്ക്ക് 2022-23 വർഷവും സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്.

സംസ്ഥാന സർക്കാർ വിഷരഹിത ഉല്പന്നങ്ങൾ വില്പന നടത്തുന്നതിന് "സേഫ് റ്റു ഈറ്റ് - കേരള ഓർഗാനിക് " എന്ന ബ്രാൻഡും ലോഗോയും ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത ലോഗോയും ബ്രാൻഡും ഉപയോഗിച്ച് ഇക്കോഷോപ്പുകൾ, കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന മറ്റ് വിപണികൾ എന്നിവ വഴി ഉല്പന്നങ്ങൾ വിൽപന നടത്തുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയിൻ കീഴിൽ ക്ലസ്റ്റർ രൂപീകരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകരുടെ ഉത്പന്നങ്ങൾക്ക് "PGS ഇന്ത്യ" സർട്ടിഫിക്കേഷൻ നടത്തി വരുന്നു. ജൈവ കൃഷിയിൽ താല്പര്യമുള്ള കർഷകരുടെ സംഘങ്ങളായ ലോക്കൽ ഗ്രൂപ്പുകൾ രൂപീകരിച്ച് അംഗങ്ങൾക്ക് ജൈവ കൃഷിയിൽ പരിശീലനങ്ങൾ നൽകുകയും നിശ്ചിത കാലങ്ങളിൽ ഈ സംഘങ്ങൾ യോഗങ്ങൾ കൂടി ജൈവ ഉല്പാദനോപാധികൾ സ്വരൂപിക്കൽ തുടങ്ങിയവ ചർച്ച നടത്തി തീരുമാനങ്ങൾ റെക്കോർഡ് ചെയ്യുന്നു. കൂടാതെ അവരുടെ കൃഷിയിടങ്ങൾ അന്യോന്യം പരിശോധിച്ച് വിലയിരുത്തി സമയ ബന്ധിതമായ Peer appraisal നടത്തുകയും ജൈവ സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള കൂട്ടായ തീരുമാനം കൈക്കൊള്ളുകയും ചെയ്യുന്നു. ആയത് പി.ജി.എസ് ഇന്ത്യ സർട്ടിഫിക്കേഷൻ നടത്തുന്ന നാഷണൽ സെന്റർ ഫോർ ഓർഗാനിക് ആൻഡ് നാചറൽ ഫാമിംഗിന്റെ (NCONF) കീഴിലുള്ള റീജണൽ കൗൺസിലിലേയ്ക്ക് ഓൺലൈൻ ആയി സമർപ്പിക്കുന്നു. തുടർന്ന് റീജണൽ കൗൺസിൽ അവ പരിശോധിച്ച് അർഹരായ കർഷകർക്ക് പി.ജി.എസ് ഗ്രീൻ സർട്ടിഫിക്കറ്റ് നൽകും. ഇതിന് ശേഷം മണ്ണ് പരിശോധന, അവശിഷ്ട വിഷ വിശകലനം എന്നിവ റീജണൽ കൗൺസിൽ പരിശോധിക്കുകയും തൃപ്തികരമായ മാനദണ്ഡങ്ങൾ പാലിക്കുന്ന പക്ഷം മൂന്നാം വർഷം പി.ജി.എസ് ഇന്ത്യ ഓർഗാനിക് സർട്ടിഫിക്കേഷൻ നൽകുകയും ചെയ്യും.

നിലവിൽ കൃഷി വകുപ്പിന്റെ കീഴിൽ, അപ്രകാരം ജൈവ സർട്ടിഫിക്കേഷൻ ചെയ്യുന്ന അംഗീകൃത റീജണൽ കൗൺസിൽ ആയ കേരള സ്റ്റേറ്റ് സീഡ് സർട്ടിഫിക്കേഷൻ ഡിപ്പാർട്ട്മെന്റിനെ ചുമതലപ്പെടുത്തിയെങ്കിലും ചില സാങ്കേതിക കാരണത്താൽ പ്രവർത്തനം ആരംഭിച്ചില്ല. തുടർന്ന് കൃഷി വകുപ്പിന്റെ കീഴിൽ ആനയറയിൽ

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്ന സമേതിയുടെ ഡയറക്ടറെ റീജിയണൽ കൗൺസിൽ ആയി അംഗീകരിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ നാഷണൽ സെൻറർ ഓഫ് ഓർഗാനിക് ഫാമിംഗിന് (NCOF) സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ സർട്ടിഫിക്കേഷൻ നടത്തുന്നതിന് അംഗീകാരമുള്ള 5 റീജിയണൽ കൗൺസിൽ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ